പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1720

16-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി

**ചോദ്യം:**

ശ്രീ. പാലോട് രവി:
" എ. പി. അബ്ദുള്ളക്കുട്ടി:
" വി. ഡി. സതീശൻ:
" എം. എ. വാഹിദ്:

(എ) മദ്യത്തിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ)-യും, (ബി)-യും

ഇക്കാര്യത്തിൽ ആധികാരിക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ കെ.എസ്.ബി.സി.യുടെ കഴിഞ്ഞ നാലു വർഷത്തെ മദ്യവില്പനയിൽ 2012-13 വർഷത്തെ അപേക്ഷിച്ച് 2013-14 വർഷം 1% വില്പനയിൽ കുറവുണ്ടായിട്ടുണ്ട്. ഇത് 2014 ഫെബ്രുവരിയിൽ 19.01 ലക്ഷം കെയ്സുകളും മാർച്ചിൽ 20.72 ലക്ഷം കെയ്സുകളും ഏപ്രിൽ 19.60 ലക്ഷം കെയ്സുകളും മേയ് മാസത്തിൽ 21.26 ലക്ഷം കെയ്സുകളും വില്പന നടത്തിയിരുന്നു.

(സി) മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യവും മറ്റ് സാമൂഹ്യപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്,

കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും, കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സി.യു.ജി. അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംഗ് ടോണായി പ്രചരിപ്പിച്ചു വരുന്നു. അട്ടപ്പാടിയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിനായി, ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ആഫീസർ